**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5988** **09-11-2021 - ൽ മറുപടിയ്ക്ക്**

**മാസ്ക് നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ മാസ്ക് നിർമ്മിക്കുന്ന പദ്ധതി ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കോവിഡ്-19 ന്റെ പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഒരാൾക്ക് മൂന്ന് എണ്ണം എന്ന നിലയ്ക്ക് മാസ്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി മാസ്ക് തയ്ക്കുന്നതിന് ആവശ്യമായ തുണിയും അനുബന്ധ സാമഗ്രികളും നൽകി പട്ടികവർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | എങ്കിൽ എത്ര രൂപയുടെ പദ്ധതിയാണിതെന്നും ആരെയാണ് ഈ പ്രവൃത്തി ഏൽപ്പിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | മാസ്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി മാസ്ക് തയ്ക്കുന്നതിന് ആവശ്യമായ തുണിയും അനുബന്ധ സാമഗ്രികളും നൽകി പട്ടികവർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനുമായി വീവേഴ്സ് വില്ലേജ്, റോസ് ബംഗ്ലാവ്, വഴുതക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ടി സ്ഥാപനത്തിന് ഇതിലേയ്ക്കായി 1,48,54,970/- രൂപ വകുപ്പ് തലത്തിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രവൃത്തി ടെണ്ടർ ചെയ്തത് എപ്പോഴാണെന്നും എത്ര വ്യക്തികൾ / കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ; അവരുടെ പേരു വിവരം വിശദമാക്കാമോ; | (സി) | ടെണ്ടർ ക്ഷണിച്ചിട്ടില്ല. പൊതു താൽപര്യപത്രം ക്ഷണിക്കുകയും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച സാമ്പിളുകൾ ഒരു വിദഗ്ധ സമിതി പരിശോധിക്കുകയും, 30.06.2020-ന് ചേർന്ന വിദഗ്ധ സമിതി നൽകിയ നിർദ്ദേശങ്ങൾ അംഗീകരിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനമായ വീവേഴ്സ് വില്ലേജിനെ ചുമതലപ്പെടുത്തുകയും ചെയ്തു മൂന്ന് സ്ഥാപനങ്ങളാണ് താൽപ്പര്യപത്രം ലഭ്യമാക്കിയത്. പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മാസ്ക് നിർമ്മാണം പൂർത്തീകരിച്ചോ എന്നും എത്ര മാസ്കുകൾ വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ; | (ഡി) | ഇല്ല. നാളിതുവരെയായി 7,06,671 മാസ്കുകൾ തയ്ച്ച് പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്ന മാസ്കുകൾ തയ്ച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| (ഇ) | ഏത് ഫണ്ടുപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (ഇ) | "2225-02-283-90(പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നുമാണ് തുക കണ്ടെത്തിയത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| 1 | വീവേഷ്സ് വില്ലേജ്, റോസ് ബംഗ്ലാവ്, വഴുതക്കാട്, തിരുവനന്തപുരം |
| 2 | M/S അന്ന, ഭൂമിക, തിരുവനന്തപുരം |
| 3 | 'പാവ' ക്രിയേറ്റീവ് സ്റ്റുഡിയോ, നാലാഞ്ചിറ, തിരുവനന്തപുരം. |

സെക്ഷൻ ഓഫീസർ